**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - കരോപ്പട ഗ്രാമപഞ്ചായത്ത് - 2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.3 – സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

**ജി.ഒ (ആർ.ടി) നം.1624 /13/തസ്വഭവ. തിരുവനന്തപുരം, തീയതി: 20/06/2013**

---

പരാമർശം:- 1) 01/03/2013-ലെ പഞ്ചായത്ത് ഡയറക്ടറുടെ എം3-3812/13-ാം നമ്പർ കത്ത്.

2) 08/05/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF-4927/P.T1/13-ാം നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കോട്ടയം ജില്ലയിലെ കരോപ്പട ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(3) പ്രകാരം പദ്ധതി രൂപീകരണത്തിനായി ചെലവഴിച്ച 1,42,490/- രൂപയിൽ പരിധിയിൽ കവിഞ്ഞ് ചെലവഴിച്ച 42,490/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തിയിരുന്നു.

പ്രസ്തുത കാലയളവിൽ റീ-ടെണ്ടർ, പ്രിന്റിംഗ്, പത്രപരസ്യം എന്നിവയ്ക്ക് വലിയ തോതിൽ ചെലവ് വന്നതിനാലാണ് തുക അധികം ചെലവഴിക്കേണ്ടി വന്നതെന്നും ആയതിനാൽ ആഡിറ്റ് തടസ്സം സാധൂകരിച്ച് നൽകണമെന്ന് ഗ്രാമപഞ്ചായത്തിന്റെ 20/12/2012-ലെ (VI) (1) -ാം നമ്പർ തീരുമാനം, ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അംഗീകാരം ഉൾപ്പെടെ പഞ്ചായത്ത് ഡയറക്ടർ സൂചന ഒന്ന് പ്രകാരം സർക്കാരിൽ സമർപ്പിച്ചിരുന്നു.

ഈ വിഷയം സംബന്ധിച്ച് 20/012/2012-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 02/01/2013-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് എന്നിവയിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് നിശ്ചിത പരിധിയിൽ കവിഞ്ഞ് ചെലവഴിച്ച തുകക്ക് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം 2 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കരോപ്പട ഗ്രാമപഞ്ചായത്തിന്റെ

2007-08 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ പദ്ധതി രൂപീകരണത്തിനായി 42,490/- രൂപ (നാൽപത്തിരണ്ടായിരത്തി, നാനൂറ്റി തൊണ്ണൂറ് രൂപ മാത്രം) അധികം ചെലവഴിച്ച ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ. ജവഹറാബീവി

ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കുരോപ്പട ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ല

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ